# John 21. 1-14

"ഇതിനുശേശ്ഷം യേശു തിബെരിയാസ് കടല്തിടതുവച്ചു ശിഷ്യന്മാര്ക്ക് വിണ്ടും തന്നെത്തന്നെ വെളിപെടുത്തി." (൨൧,൧) എന മുഖവുരയോടെയന്നു യോഹന്നാന് സുവിശേഷകന് തനിക്കു സിദ്ധിച്ച ക്രിസ്തു അനുഭവം രേഖപെടുതുന്നത് .. മുന്ന് വര്ഷങ്കള്ക്ക് മുന്പ് ഇതേ കടല്ക്കരയില് വച്ച് ഒഴിഞ്ഞ വള്ളവുമായി തീരമണഞ്ഞ പരാജിതരെ വിജയത്തിന്െറ പടവുകളിലൂടെ കൈപിടിച്ച് നടത്തിയവന് ഇന്ന് കുടെയില്ല എന്ന ദുഖസത്യം ആദ്യം വിളിച്ചുപറയുന്നത് കേപ്പയാകുന്നു ; " ഞാന് മീന് പിടിക്കാന് പോകുന്നു."

(൨൧, ൩) ഇന്നലെവരെ ക്രിസ്തു ഒരുയാഥാര്ത്ഥ്യം ആയിരുന്നു ; അവനുപച്ചമാംസത്തിന്െറ നിറവും ഗന്ധവുമുണ്ടായിരുന്നു. എന്നാല് ഇന്നാകട്ടെ അവന് വെറുമൊരു നെടുവീര്പ്പ് ഉതിര്ക്കുന്ന ഒരു ഓര്മ്മ മാത്രമായി ചുരുങ്ങിയിരിക്കുന്നു. "ആ രാത്രിയില് അവര്ക്ക് ഒന്നും കിട്ടിയില്ല. " (൨൧, ൩) ക്രിസ്തു സാനിധ്യ സ്മരണ ഇല്ലാത്ത ദുരവസ്ഥ തങ്ങളെ വീണ്ടും നയിക്കുന്നുനത് പരാജയത്തിന്െറ കരകനക്കയതിലെക്കന്നു എന്നവര് തിരിച്ചറിയുന്നില്ല. " എന്നെ കുടാതെ നിങ്ങള്ക്ക് ഒന്നും ചെയ്ക സാധ്യമല്ല " (വി. യോഹന്നാന് ൧൫, ๑)എന്ന വചനങ്ങള് ഇവിടെഅര്ഥം കണ്ടെത്തുന്നുണ്ട്. "മനുഷ്യന്െറ ആഗ്രഹമോ പ്രയത്നമോ അല്ല ദൈവത്തിന്െറ കരുണ ആണ് എല്ലാത്തിന്െറയും അടിസ്ഥാനം " ( ) എന്ന് വി. പൗലോസ് വിളിച്ചുപറയുന്നതും ഈ സത്യം മനസിലാക്കിയിട്ടാണ്.

എങ്കിലും ക്രിസ്തു തനിക്കു പ്രിയപ്പെട്ടവരേ കൈവിടുന്നില്ല. "ഉഷസ്സയപ്പോള് യേശു കടല്ക്കരയില് വന്നുനിന്നു. അത് യേശു ആണെന്ന്ശിഷ്യന്മാര് അറിഞ്ഞില്ല "(൨൧, ൪). മുന്നുവര്ഷക്കാലം തോളുരുമ്മി നടന്നിട്ടും അവന്െറ

പത്രത്തില് നിന്ന് ഭക്ഷിച്ചിട്ടും കൂടെ നില്ക്കുന്ന ക്രിസ്തുവിനെ തിരിച്ചറിയാന് അവര്ക്ക് കഴിയുന്നില്ല. "അവനെ തിരിച്ചറിയാന് കഴിയതവിടം അവരുടെ കണ്ണുകള് മുടപ്പെട്ടിരുന്നു" ( വി. ലുക്ക ൨൪, ൧൬) എമ്മാവൂസിലേക്കു പോയ ശിഷ്യര്ക്കുന്റായ അതെ മൂടല് മഞ്ഞു ഇവര്ക്കും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടന്നു അവരുടെ വള്ളങ്ങള് ശൂന്യമയിപ്പോകുന്നത്. വല ശൂന്യമായാലും തിരത്ത് സ്േനഹവയേ്പ്പാടെ കത്ത് നില്ക്കുന്നവന് ഒരുവന് മാത്രമേയുള്ളൂ. അവനെ തിരിച്ചറിയാന് ആകണം.

അവിടുന്നു മന്ത്രിക്കുന്നു ; "കുഞ്ഞുക്കളെ, ........ വള്ളത്തിന്െറ വലതുഭാഗത്ത് വലയിടുക." (൨൧, ൫-൬) ഒരുപക്ഷെ തലേന്ന് രാത്രി മുഴുവന് ആ വള്ളത്തില് ഉണ്ടായിടുന്ന ഏഴു പേരും വലതു ഭാഗത്തേക്ക് തിരിഞ്ഞുപോലും നോക്കിയില്ലേഎന്ന് തോന്നിപോകും ഈ വചനങ്ങള് വായിച്ചാല്. " അവര് വലയിട്ടു. അപ്പോള് വലയിലകപ്പെട്ട മത്സ്യത്തിന്െറ ആദിഖ്യം നിമിത്തം അത് വലിച്ചു കയറ്റാന് അവര്ക്ക് കഴിഞ്ഞില്ല." (൨൧, ൬) വല നിരയുന്നതോടൊപ്പം അവരുടെ ഹൃദയവും നിറയുന്നുണ്ട്. അതുകൊണ്ടന്നു യോഹന്നാന് വിളിച്ചുപറയുന്നത്; "അത് കര്ത്താവാണ്" (൨൧, ൭) എന്നാലിത് വെറും അറിവുമാത്രമാണ്.

ദൈവം ഉണ്ടെന്നു അറിവുണ്ടായാല് മാത്രമായില്ല ; അവിടുത്തെ അനുഭവിക്കണമെങ്കില് പത്രോസിനെപ്പോലെ ഒരു എടുത്തുചാട്ടം അത്യന്തപെക്ഷിതമാണ് . അരികത്തു നില്ക്കുന്ന സ്തുവിനെ എത്തിപ്പിടിക്കാനായി അഴക്കടളിലെക്കുള്ള ഈ എടുത്തു ചാട്ടം ആണ് വിശ്വാസവും വിശ്വാസ ജിവിതവും. ഇത് സാധ്യമായാല് മാത്രമേ അവന് കൂടിയ തീയടുപ്പിനോട് ചേര്ന്നിരുന്നു അവന്െറ ഭോജനത്തില് പങ്കുകാരകാന് നാം പ്രാപ്തരാവുക . വിങ്ങിപോട്ടലുകളുടെ അന്ത്യ അത്താഴത്തിനു ശേഷംദിവ്യ കാരുണ്യത്തിന്െറ പ്രാതല് ഒരുക്കി അവന് തീരത്ത് നില്ക്കുമ്പോള് അത്

കര്ത്താവാണ് എന്ന് തിരിച്ചറിയാതെ അവന്റെ പാനപാത്രത്തില് പങ്കുപറ്റാതെ എത്രയെത്ര ദിനങ്ങള് നാം പിന്നിട്ടു? ഇനിയെങ്കിലും നമുക്ക് തിരിച്ചറിയാം, കൂടെ നില്ക്കുന്ന ക്രിസ്തുവിനെ.

**Fr. Jomis Kodakaserril**